# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *163

05.12.2018 - ലെ മറുപടിക്ക്

## സർഫാസി നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി.എം. ജോൺ<br>ശ്രീ. പി.ടി തോമസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| എ) വായ്പ കെണിയിൽ കുടുങ്ങിയ അനേകം കർഷകരും പാവപ്പെട്ടവരും സർഫാസി നിയമത്തിന്റെ പിടിയിൽ അകപ്പെട്ട് ജപ്തിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ബാങ്കിന്റെ ജപ്തി നടപടിക്കെതിരെ എറണാകുളം മാനാത്ത് പാടത്തെ പ്രീതാഷാജി നടത്തിയ ചെറുത്ത് നിൽപ്പ് സമരത്തിന്റെ | (ബി) ബാങ്കിന്റെ ജപ്തി നടപടിക്കെതിരെ എറണാകുളം മാനാത്ത് പാടത്തെ പ്രീതാഷാജി സമർപ്പിച്ച നിവേദനത്തിന്മേൽ ബന്ധപ്പെട്ട ബാങ്ക് സമർപ്പിച്ച റിപ്പോർട്ടിൽ |

അടിസ്ഥാനത്തിൽ ഇവരെ കുടിയിറക്കുന്നത് തടയാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

റിക്കവറി നടപടികൾ പൂർണ്ണമായും നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുതന്നെയാണ് നടത്തിയതെന്നും റിക്കവറി നടപടികൾ പൂർത്തീകരിക്കുന്നതിനായി ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിനെ (DRT) സമീപിച്ചതിനെ തുടർന്ന് ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ജപ്തി നടത്തിയിട്ടുള്ളതെന്നും അറിയിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട എല്ലാവരുമായി നിരവധി തവണ ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും ചർച്ച നടത്തിയെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകളൊന്നും ഇരുപക്ഷവും അംഗീകരിച്ചിരുന്നില്ല.

ഇതിനിടയിൽ ടി ഭൂമി ലേലത്തിൽ പിടിച്ച ശ്രീ. രതീഷ് എന്നയാൾ താൻ ലേലത്തിൽ പിടിച്ച ഭൂമി കൈവശത്തിലനുഭവിക്കുവാൻ എതിർ കക്ഷികൾ അനുവദിക്കുന്നില്ലെന്ന് കാണിച്ച് ഫയൽ ചെയ്ത WP(C) 30651/2017 നം

കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കിയില്ല എന്നു കാണിച്ച് ജില്ലാ പോലീസ് മേധാവിക്കെതിരായി കോടതിയക്ഷ്യത്തിന് കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

അപ്രകാരമിരിക്കെ CCC-681/2018 നം. കോടതിയക്ഷ്യ കേസിൽ ജപ്തി ചെയ്ത വീടൊഴിഞ്ഞ് താക്കോൽ കൈമാറാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുള്ളതുമാണ്.

(സി) വലിയ പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമത്തിലെ 30(ഐ) വകുപ്പ് പ്രകാരം കൃഷിഭൂമി ജപ്തി

(സി) & (ഡി) വയനാട്ടിലെ ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. കർഷകരുടെ നിലവിലെ അവസ്ഥ പരിഗണിച്ച് വയനാട് ജില്ലയിൽ കർഷകർക്കെതിരെ കുടിയിറക്ക് നടപടികളോ, ജപ്തി നടപടികളോ സർക്കാർ റവന്യൂ വകുപ്പ്

| | |
|---|---|
| ചെയ്യുവാൻ പാടില്ലായെന്ന നിബന്ധന മറികടന്ന് കൃഷിഭൂമി പോലും ജപ്തിക്ക് വിധേയമാക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഇടപെടൽ നടത്തി കർഷകരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | മുഖേന സ്വീകരിച്ചിട്ടില്ലാത്തതുമാണ്. സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വിവിധ വായ്പകൾക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.<br>പരാമർശ സർഫാസി നിയമം കേന്ദ്രസർക്കാരിന്റേതാകയാലും കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കൊണ്ടുവന്ന ഒരു സുപ്രധാന നിയമനിർമ്മാണമാകയാലും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതിയുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. ഇതിന്റെ കൂടി |

പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിലെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ലെ പ്രമേയം മുഖേന ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ളത്. ടി പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31 -ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് 20.11.2017 ന് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. 21.06.2018 ൽ ചേർന്ന സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തെ അഭിസംബോധന ചെയ്തു കൊണ്ട് മുഖ്യമന്ത്രി തന്നെ ഇക്കാര്യം പ്രത്യേകമായി

പരാമർശിച്ചിട്ടുണ്ട്. സർഫാസി നിയമത്തിന്റെ 31(ഐ) വകുപ്പ് നിലനിൽക്കെ വയനാട് ജില്ലയിലെ കർഷകർക്കെതിരെ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഈ വിഷയം ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന തല ബാങ്കിംഗ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ